# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1576** | **12.06.2019 ൽ മറുപടിയ്ക്ക്**

**ആലത്തൂരിനെ സമ്പൂർണ്ണ തരിശുഭൂമി വിമുക്ത മണ്ഡലമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി എത്ര വീതം തരിശുഭൂമി ഉണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലായി ചുവടെ പറയും പ്രകാരം 100.59 ഹെക്ടർ തരിശു ഭൂമിയുണ്ടെന്ന് കണക്കാക്കുന്നു.

| പഞ്ചായത്ത് | തരിശു ഭൂമി (ഹെക്ടറിൽ) |
|---|---|
| ആലത്തൂർ | 40 |
| എരിമയൂർ | 6 |
| കിഴക്കഞ്ചേരി | 15 |
| വണ്ടാഴി | 20 |
| മേലാർകോട് | 6 |
| തേങ്കുറിശ്ശി | 3.59 |
| കുഴൽമന്ദം | 10 |
| ആകെ | 100.59 |

ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര കാർഷികപദ്ധതിയായ നിറ-യുടെ ഭാഗമായി എത്ര ഹെക്ടർ ഭൂമി തരിശുവിമുക്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ബി) 18.99 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു.

സി) പ്രസ്തുത നിയോജകമണ്ഡലത്തെ സമ്പൂർണ്ണ തരിശുഭൂമിവിമുക്ത മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കുവാനുള്ളതെന്ന് വിശദമാക്കാമോ?

സി) 1. കൃഷി ഭവനുകളും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ സുസ്ഥിര നെൽകൃഷി വികസനം, തരിശു ഭൂമിയിൽ നെൽകൃഷിയ്ക്കുള്ള ആനുകൂല്യം, ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന ഉഴവുകൂലി മുതലായ ആനുകൂല്യങ്ങൾ നൽകി വരുന്നു.

2. തരിശു ഭൂമി സർവ്വേ നടത്തി ജലലഭ്യത അനുസരിച്ച് അനുയോജ്യമായ കൃഷിയിറക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

3. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

4. ഭൂവുടമകൾ പാട്ടത്തിനു നൽകാൻ തയ്യാറാകാത്ത പ്രശ്നം ജന പ്രതിനിധികളുടെ സഹകരണത്തോടെ കൃഷി ഉദ്യോഗസ്ഥർ നടത്തുന്ന ഇടപെടലിലൂടെ പരിഹരിച്ചു വരുന്നു.

Manjal P

**സെക്ഷൻ ഓഫീസർ**